(9) നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പാടശേഖരത്തിലെ ഇഷ്ടിക നിർമ്മാണം തടയണമെന്ന ആവശ്യം

ശ്രീ. വി. കെ. രാജൻ : സർ, മുകുന്ദപുരം താലൂക്കിൽ പറപ്പൂക്കര പഞ്ചായത്തതിർത്തിയിൽപ്പെട്ട നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പാടശേഖരം എന്നറിയപ്പെടുന്ന കൃഷിനിലങ്ങളിൽ കുറച്ചുഭാഗം അവിടത്തെ ചില ഇഷ്ടിക വ്യവസായികൾ വിലയ്ക്ക് വാങ്ങി ഇഷ്ടിക ഉണ്ടാക്കുന്നു. അവിടെ 55 ഹോഴ്സ് പൗവ്വർ മോട്ടോർ വച്ച് കറുമാലി പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് മൂന്നു പൂവ് നെൽക്കൃഷി ചെയ്താണ് 200-ൽ പരം കർഷക കുടുംബങ്ങളും കർഷ ത്തൊഴിലാളികളും ഉപജീവനം നടത്തിവരുന്നത്. അവിടെ കുറച്ചുഭാഗം താഴ്ന്നുപോയാൽ അതിനടുത്തുള്ള നിലമുടമകളുടേയും നിലങ്ങളും താഴ്ത്തപ്പെടാൻ നിർബന്ധിതമായിത്തീരുന്നതും, ക്രമേണ രണ്ട് മൂന്ന് വർഷത്തിനകം അവിടെ കൃഷി ഇല്ലാതായിത്തീരുന്നതുമാണ്. അവിടെ ഇപ്പോൾ മോട്ടോർവച്ച് വെള്ളം പമ്പ് ചെയ്ത് കൃഷി ചെയ്യുന്നതു കൊണ്ടാണ് അതിനടുത്ത് കരഭൂമികളിൽ താമസിക്കുന്നവർക്ക് കുടിക്കാനും മറ്റ് കൃഷിക്കും വെള്ളം ലഭിക്കുന്നത്. കൃഷിക്കാർ തൃശ്ശൂർ ആർ. ഡി. ഒ. യെ സമീപിച്ച് ഇഷ്ടിക നിർമ്മാണം തടയണമെന്നാവശ്യപ്പെട്ട് പരാതി നൽകിയതിനെത്തുടർന്ന് ഇഷ്ടിക നിർമ്മാണം തടഞ്ഞു എങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃഷിക്കാരുടെ താൽപ്പര്യത്തിന് വിരുദ്ധമായി ഇഷ്ടിക ഉടമകൾക്ക് ഇഷ്ടിക നിർമ്മാണത്തിന് അംഗീകാരം നൽകി. കൃഷിക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോടതി റവന്യൂ ബോർഡിന്റെ തീർപ്പിന് വിട്ടിരിക്കുന്നു. തകർന്നുകൊണ്ടിരിക്കുന്ന നെൽക്കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായ നടപടികളൊന്നും സ്വീകരിക്കാത്ത ഒരു ഗവൺമെന്റ് ആണ് ഇത്. നല്ല നിലയിൽ കൃഷിനടത്തിവരുന്ന ഈ മേഖലയിലെ കൃഷിക്കാരെ ദ്രോഹിക്കുന്ന നടപടികളിൽനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും പിൻമാറണമെന്നും നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പാടശേഖരത്തിലെ ഇഷ്ടിക നിർമ്മാണം നിർത്തണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അവിടെ ചുടുകട്ട നിർമ്മിക്കുന്ന ഒരു കേന്ദ്രമുണ്ട്. ആ ചുടുകട്ട നിർമ്മിക്കുന്ന നടപടി തടഞ്ഞ അവസരത്തിൽ അവിടത്തെ യൂണിയന്റെ പ്രതിനിധികൾ എന്നെ വന്നുകണ്ടപ്പോൾ അതിന്റെ യഥാർത്ഥ വിവരം കളക്ടറോട് അന്വേഷിച്ച് റിപ്പോർട്ട് തരാൻ പറഞ്ഞു. അതുവരെ അവർക്ക് ചുടുകട്ട ജോലി തുടരാൻ വേണ്ട നിർദ്ദേശം കൊടുക്കുകയാണ് ചെയ്തത്. എന്നാൽ ഈ കാര്യം റവന്യൂ ബോർഡിന്റെ പരിഗണനയിൽ എത്തിയതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എത്രയും വേഗം പരിശോധിച്ച് ഒരു തീരുമാനം എടുക്കണമെന്ന് കോടതി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഏപ്രിൽ 10-ാം തീയതി റവന്യൂ ബോർഡ് അതിനുള്ള അപ്പീൽ ഹിയർ ചെയ്യുന്നുണ്ട് ; ആ അപ്പീൽ അനുസരിച്ച് ബോർഡിന്റെ തീരുമാനം എന്താണോ അതനുസരിച്ച് സംഗതികൾ മുന്നോട്ടു നീങ്ങും.

(10) തിക്കോടികടപ്പുറം-മുച്ചുകുന്ന് റോഡിന്റെ നിർമ്മാണം

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, എം. എൽ. എ. റോഡ് എന്ന നിലയ്ക്ക് എനിക്ക് ആദ്യമായി എന്റെ നിയോജക മണ്ഡലത്തിൽ അനുവദിച്ചുകിട്ടിയ തിക്കോടിക്കടപ്പുറം മുച്ചുകുന്ന് റോഡ് ഒന്നര വർഷങ്ങൾക്ക് മുമ്പ് ടെൻഡർ വിളിക്കുകയുണ്ടായി. പല കോൺട്രാക്ടർമാരും above വച്ച് എടുത്ത ആ കേസ് ഒരു കോൺട്രാക്ടർ മാത്ര

LIBRARY ARCHIVES Kerala Legislative Assembly